പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1048 — 08.01.2014 ലെ മറുപടി

## ഗ്രാന്റ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
| എ) | ഗ്രാന്റ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ ആരംഭിച്ചത് എന്നാണ് ; | എ) | ഗ്രാൻഡ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ 2007-2008 ൽ ആരംഭിച്ചു |
| ബി) | നാളിതു വരെ ഓരോ സാമ്പത്തിക വർഷവും പ്രസ്തുത ഫെസ്റ്റിവലിനായി എത്ര തുക ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായിട്ടുണ്ട് ; | ബി) | നാളിതു വരെ ഓരോ സാമ്പത്തിക വർഷവും പ്രസ്തുത ഫെസ്റ്റിവലിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക താഴെപ്പറയുന്നു. |

| വർഷം | തുക |
|---|---|
| 2007-08 | 15 കോടി |
| 2008-09 | 20 കോടി |
| 2009-10 | 20 കോടി |
| 2010 -11 | 25 കോടി |
| 2011 -12 | 25 കോടി |
| 2012-13 | 25 കോടി |
| 2013-14 | 15 കോടി |

| | | | |
|---|---|---|---|
| സി) | ഗ്രാന്റ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ കഴിഞ്ഞ ഓരോ സീസണുകളിൽ കച്ചവടസ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തത് എപ്രകാരമായിരുന്നെന്ന വ്യക്തമാക്കുമോ ; | സി) | ഗ്രാന്റ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ 1 മുതൽ സീസൺ 2 വരെ സർക്കാർ തെരഞ്ഞെടുത്ത ഇവന്റ് മാനേജ്മെന്റ് ഏജൻസിയാണ് കച്ചവടസ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തിയിരുന്നത്. 3,4 സീസണുകളിൽ – ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയാണ് ചെയ്തത്. സീസൺ 5 ൽ ഇവന്റ് മാനേജ്മെന്റ് ഏജൻസിയാണ് ചെയ്തത്. സീസൺ 6 ൽ അക്ഷയ പ്രോജക്ടിലെ അക്ഷയ യൂണിറ്റുകളാണ് കച്ചവടസ്ഥാപനങ്ങളെ ജി. കെ.എസ്.എഫിൽ രജിസ്റ്റർ ചെയ്തത്. |
| ഡി) | ഒരു വിഭാഗം കച്ചവടക്കാരെ മാത്രം പ്രതിനിധാനം ചെയ്യുന്ന ഏതെങ്കിലും സംഘടനകളെ രജിസ്ട്രേഷൻ ചുമതല ഏൽപ്പിക്കുന്നത് ഗ്രാന്റ് | ഡി) | സംഘടനാഭേദമില്ലാതെ എല്ലാ വിഭാഗത്തിലുമുള്ള കച്ചവടക്കാരെയും ജി.കെ.എസ്.എഫിൽ ഉൾപ്പെടുത്തണമെന്ന നിർബന്ധനയോടെയാണ് ധാരണാപത്രം ഒപ്പ് വച്ചിരിക്കുന്നത്. സുതാര്യമായ |

| | | | |
|---|---|---|---|
| | കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ എന്ന ആശയത്തിന് എതിരാണെന്ന് കരുതുന്നുണ്ടോ ; | | രീതിയിൽ താൽപര്യപത്രം ക്ഷണിച്ച് ജി.കെ.എസ്.എഫിന് ഏറ്റവും പ്രയോജനകരമായ രീതിയിൽ ധാരണാപത്രം ഒപ്പു വച്ചിട്ടുള്ള വ്യാപാരിവ്യവസായി ഏകോപനസമിതിയെ രജിസ്ട്രേഷനും കൂപ്പൺ വിതരണവും മറ്റും ഏൽപ്പിച്ചിട്ടുള്ളത്. ഇത് ജി.കെ.എസ്.എഫിന്റെ ആശയങ്ങൾക്ക് എതിരല്ല. |
| ഇ) | 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഉപഭോക്താവിന് ഏതു വ്യാപാരിയിൽ നിന്നും സാധനങ്ങൾ വാങ്ങുവാനുള്ള സ്വാതന്ത്ര്യം നിഷേധിക്കുന്ന തരത്തിലുള്ള തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അധികാരം നിക്ഷിപ്തമായിട്ടുള്ള ഏതെങ്കിലും ബോഡി ഗവൺമെന്റ് തലത്തിൽ പ്രവർത്തിക്കുന്നുണ്ടോ ; | ഇ) | ഇല്ല |
| എഫ്) | ഒരു ഉപഭോക്താവ് എത്ര രൂപയുടെ സാധനങ്ങൾ വാങ്ങുമ്പോഴാണ് കൂപ്പൺ നൽകേണ്ടത് എന്നു തീരുമാനിക്കാനുള്ള അവകാശം ഏതെങ്കിലും സംഘടനയുടെ താൽപര്യത്തിനനുസരിച്ച് നിശ്ചയിക്കുവാൻ അനുവാദം നൽകിയത് ഏതു നിയമപ്രകാരമാണ് ; | എഫ്) | ഒരു ഉപഭോക്താവ് എത്ര രൂപയുടെ സാധനങ്ങൾ വാങ്ങുമ്പോഴാണ് കൂപ്പൺ നൽകേണ്ടത് എന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം ജി.കെ.എസ്.എഫിൽ രജിസ്റ്റർ ചെയ്യുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഈ അവകാശം ഏതെങ്കിലും ഒരു സംഘടനയ്ക്ക് നൽകിയിട്ടില്ല. |
| ജി) | ഗ്രാന്റ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ വെബ്സൈറ്റിലും ഇതുമായി ബന്ധപ്പെട്ട സർക്കാർ പരസ്യങ്ങളിലും ഒരു വിഭാഗത്തെ മാത്രം പ്രതിനിധാനം ചെയ്യുന്ന സംഘടനയുടെ മുദ്രയും പരസ്യവും ഉൾപ്പെടുത്തിയത് ഗവൺമെന്റ് മുദ്രകളും ലോഗോകളും ദുരുപയോഗം ചെയ്യുവാൻ ഗവൺമെന്റ് കൂട്ടു നിൽക്കുന്നതിനു തുല്യമാണ് എന്നു മനസ്സിലാക്കി പ്രസ്തുത നടപടികൾ ഒഴിവാക്കുവാൻ തയ്യാറാവുമോ? | ജി) | ഗ്രാന്റ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ 7 ന്റെ ലോജിസ്റ്റിക് ജോലികൾക്കായി താൽപര്യപത്രം ക്ഷണിച്ചിരുന്നു. കേരളത്തിലെ വ്യാപാരി വ്യവസായി സംഘടനകളിൽ നിന്നാണ് താൽപര്യപത്രം ക്ഷണിച്ചത്. താൽപര്യപത്രത്തിലെ നിബന്ധനകൾ അനുസരിച്ച് സർക്കാരിന് ഗുണകരമായ താൽപര്യപത്രം സമർപ്പിച്ച സംഘടനയെ ലോജിസ്റ്റിക്സ് ജോലികൾക്കായി തെരഞ്ഞെടുത്താൽ അവരുടെ ലോഗോ ജി.കെ.എസ്.എഫിന്റെ പരസ്യങ്ങളിലും കൂപ്പണിലും ഉൾപ്പെടുത്തുമെന്ന് നിബന്ധന വച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ജി.കെ.എസ്.എഫിന്റെ പരസ്യങ്ങളിലും വെബ്സൈറ്റിലും ലോജിസ്റ്റിക്സ് പാർട്ട്ണറുടെ ലോഗോ ഉൾപ്പെടുത്തിയത്. |

സെക്ഷൻ ഓഫീസർ